"ഭരണഭാഷ മാതൃഭാഷ"

# മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് ഓഫീസ്

**(ISO – 9001-2015 CERTIFIED)**

പി.ഒ വടുവൻചാൽ, പിൻ–673581, വയനാട് PH: 04936217499
E-Mail :- muppainadugp@gmail.com

നമ്പർ:ജെസി3–483/2022 തിയ്യതി:17.01.2022

പ്രേക്ഷിതൻ

സെക്രട്ടറി
മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്,
വടുവൻചാൽ(പി.ഒ)

സ്വീകർത്താവ്

ശ്രീ.തോമസ് അമ്പലവയൽ
സെക്രട്ടറി
പ്രകൃതി സംരക്ഷണ സമിതി,
മീനങ്ങാടി, പുറക്കാടി പി.ഒ

സർ,

വിഷയം:മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് – ക്വാറി ലൈസൻസ് – സംബന്ധിച്ച്.

സൂചന: 1) ബഹു.പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, വയനാട് എന്നവരുടെ 11.01.2022 തിയ്യതിയിലെ ADP-WYD/236/2021-A7 നമ്പർ കത്ത്.
2) ഈ ഓഫീസിൽ നിന്നുള്ള 20.12.2021, 14.01.2022 തിയ്യതികളിലെ ജെസി3–1325/2021 നമ്പർ കത്തുകൾ.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1,2 പ്രകാരം മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്ന് പ്രദേശത്ത് ക്വാറി പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ ഒറിജിനൽ രേഖ (ആധാരം, അടിയാധാരം) യും ആയതിന്റെ പകർപ്പും ഹാജരാക്കുന്നതിനായി ക്വാറി ഉടമസ്ഥന് കത്ത് നൽകിയിരുന്നു. ആയതിന് ക്വാറി ഉടമസ്ഥൻ ശ്രീ.കുര്യാക്കോസ്, മുട്ടത്ത് വീട്, ചെറ്റപ്പാലം പി.ഒ, പുൽപ്പള്ളി എന്നവർ സമർപ്പിച്ച മറുപടി ഇതോന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഉള്ളടക്കം:
ക്വാറി ഉടമസ്ഥൻ സമർപ്പിച്ച കത്തിന്റെ പകർപ്പ്

SECRETARY
MUPPAINAD GRAMA PANCHAYATH

OFFICE OF THE MUPPAINAD GRAMA PANCHAYATH VADUVANCHAL PIN-673581

JC4-178/22
05/01/22

PWAVOI

പ്രേക്ഷിതൻ

എംപികുര്യാക്കോസ്,

മുട്ടത്ത് -വീട്

ചെറ്റപ്പാലം - പോസ്റ്റ്

പുൽപള്ളി

സ്വീകർത്താവ്

സെക്രട്ടറി,

മൂപ്പൈനാട്ഗ്രാമപഞ്ചായത്ത്

വടുവഞ്ചാൽ

സർ,

വിഷയം: ബഹുമാനപ്പെട്ട മൂപ്പൈനാട് ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ ജെസി -1325 /2021 നമ്പർകത്തിന്റെമറുപടിസംബന്ധിച്ച്.

എന്റെ പേരിലുള്ള ലൈസൻസിൽ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൽ കടച്ചിക്കുന്നിൽ പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറിയുടെ പഞ്ചായത്തു ലൈസൻസ് പുതുക്കാനാവശ്യമായ എല്ലാ രേഖകളും അങ്ങയുടെ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ മേല്പറഞ്ഞ കത്തുപ്രകാരം ക്വാറി പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ ആധാരത്തിന്റെ ഒറിജിനൽ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.എന്നാൽ പ്രസ്തുത ക്വാറി പ്രവർത്തിക്കുന്നത് പാട്ടത്തിനെടുത്ത ഭൂമിയിലാണ് .ആയതിനാൽ സ്ഥലത്തിന്റെ ആധാരം സ്ഥലം ഉടമസ്ഥന്റെ കൈവശമാണ് ഉള്ളത്. ആദ്ദേഹം കോഴിക്കോട് ജില്ലയിൽ സ്ഥിരതാമസക്കാരനും ഇപ്പോൾ ശാരീരികമായി സുഖമില്ലാതെ ആശുപത്രിയിലുമാണ് ഉള്ളത്. ആയതിനാൽ സ്ഥലത്തിന്റെ ആധാരം സ്ഥലം ഉടമസ്ഥനിൽനിന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കിക്കൊള്ളാമെന്നും, ക്വാറിയുടെ ലൈസൻസ് സമയബന്ധിതമായി അഞ്ച് വർഷക്കാലത്തേക്ക് പുതുക്കി നല്കണമെന്നും അപേക്ഷിക്കുന്നു.

എന്ന്,

Kuriakose

എംപികുര്യാക്കോസ്

മൂപ്പൈനാട്

04.01.2022

പ്രേക്ഷിതൻ

എം പി കുര്യാക്കോസ്,
പുട്ടത്ത് - വീട്
ചെറ്റപ്പാലം - പോസ്റ്റ്
പുൽപള്ളി

സ്വീകർത്താവ്

സെക്രട്ടറി,
മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്
വടുവഞ്ചാൽ

സർ,

വിഷയം: ബഹുമാനപ്പെട്ട മൂപ്പൈനാട് ഗ്രാമപ്പഞ്ചായത്തു സെക്രട്ടറിയുടെ
ജെ സി - 1325 /2021 നമ്പർ കത്തിന്റെ മറുപടി സംബന്ധിച്ച്.

എന്റെ ഉടമസ്ഥതയിൽ മൂപ്പൈനാട് ഗ്രാമപസഞ്ചയത്തിൽ കടച്ചിക്കുന്നിൽ കരിങ്കൽ ക്വാറി പ്രവർത്തിക്കുന്നത് പാട്ടത്തിനെടുത്ത ഭൂമിയിലാണ്. പ്രസ്തുത സ്ഥലത്തിന്റെ റവന്യൂ രേഖകൾ എനിക്ക് ലൈസൻസ് അനുവദിച്ച ഘട്ടത്തിൽ ബഹുമാനപ്പെട്ട മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ചിട്ടുള്ളതുമാണ്. കൂടാതെ എനിക്ക് WA.No.1053 OF 2020 നമ്പർ കോടതി ഉത്തരവ് പ്രകാരമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

പ്രസ്തുത സ്ഥലത്തിന്റെ ആധാരം സ്ഥലം ഉടമസ്ഥന്റെ കൈവശമാണുള്ളത്. അദ്ദേഹം കോഴിക്കോട് ജില്ലയിൽ സ്ഥിരതാമസക്കാരനും ഇപ്പോൾ കടുത്ത പ്രമേഹരോഗം മൂലം കാൽപ്പാദം മുറിച്ചുമാറ്റിയതിനാൽ ആശുപത്രിവാസത്തിലുമാണുള്ളത്.

കരിങ്കൽ ക്വാറിയുടെ പഞ്ചായത്ത് ലൈസൻസ് പുതുക്കാനാവശ്യമായ നിയമപരമായ എല്ലാ രേഖകളും അങ്ങയുടെ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്.

ആയതിനാൽ സ്ഥലത്തിന്റെ രേഖകൾ സ്ഥലം ഉടമസ്ഥനിൽ നിന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കിക്കൊള്ളാമെന്നും കരിങ്കൽ ക്വാറിയുടെ ലൈസൻസ് പുതുക്കി നൽകണമെന്നും അപേക്ഷിക്കുന്നു.

എന്ന്,

(ഒപ്പ്)

മൂപ്പൈനാട്
15.01.2022

എം പി കുര്യാക്കോസ്

ഭരണഭാഷ മാതൃഭാഷ

# മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് ഓഫീസ്

**(ISO – 9001-2015 CERTIFIED)**

പി.ഒ വടുവൻചാൽ, പിൻ-673581, വയനാട് PH: 04936217499
E-Mail :- muppainadugp@gmail.com

ജെ.സി.3-1325/21 തിയ്യതി: 02.11.2021

പ്രേക്ഷിതൻ

സെക്രട്ടറി
മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്,
വടുവൻചാൽ(പി.ഒ)

സ്വീകർത്താവ്

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
വയനാട്

സർ,

വിഷയം:പഞ്ചായത്ത് വകുപ്പ്- മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്നിൽ എം.പി.കുര്യാക്കോസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കരിങ്കൽ ക്വാറി പരാതി – സംബന്ധിച്ച്.

സൂചന: അങ്ങയുടെ ഓഫീസിലെ 27.10.2021 തിയ്യതിയിലെ എ7-236/2021 നമ്പർ കത്ത്.

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ട ക്വാറി ലൈസൻസ് സംബന്ധിച്ച പരാതിയുടെ മറുപടി അങ്ങയുടെ അറിവിലേക്കായി ചുവടെ ചേർത്ത് സമർപ്പിക്കുന്നു.

1. ക്വാറി സ്ഥിതി ചെയ്യുന്ന ഭൂമിയുടെ നിയമാനുസൃത രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എം.പി കുര്യാക്കോസും സ്ഥലം ഉടമയായ എം.സി ചെറിയാനും തമ്മിലുള്ള സമ്മത പത്രം, കൈവശാവകാശ സർട്ടിഫിക്കറ്റ്, നികുതിചീട്ട്(2019-20), മൂപ്പൈനാട് വില്ലേജ് ഓഫീസിൽ നിന്നുമുള്ള സാക്ഷ്യപത്രം (കെ.എൽ.സി ആക്ട്, റിസർവ്വ് വനം, കെ.എൽ.യു, കെ..എൽ.ആർ നെൽവയൽ തണ്ണീർത്തട നിയമം എന്നിവയുടെ പരിധിയിൽ ഉൾപ്പെടുന്നതല്ല എന്നത് സംബന്ധിച്ച്.)
2. ലൈസൻസ് അനുവദിക്കുന്നതിനു വേണ്ട ഹാജരാക്കിയ രേഖകളായ കൈവശാവകാശ സർട്ടിഫിക്കറ്റ്, നികുതിചീട്ട്, സാക്ഷ്യപത്രം എന്നീ രേഖകൾ പ്രകാരം ഭൂമിയുടെ തരം പുരയിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ പകർപ്പുകൾ ഇതോന്നിച്ച് ഉള്ളടക്കം ചെയ്തിരിക്കുന്നു.
3. ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്ന സമയം പ്രസ്തുത ക്വാറിയിലേക്ക് 7 മീറ്റർ വീതിയുള്ള റോഡ് നിലവിലില്ലായിരുന്നു. 20.08.2019, 25.02.2020, എന്നീ തീയതികളിൽ മൂപ്പൈനാട് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ സ്ഥല പരിശോധനയിൽ റോഡിന് 7 മീറ്റർ വീതി ഇല്ല എന്ന റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ 19.03.2020 ന് പ്രസ്തുത ക്വാറിയിലേക്ക് 7 മീറ്റർ വീതിയുള്ള റോഡുണ്ടെന്ന് കാണിച്ച് ക്വാറിയുടമ ഈ ഓഫീസിൽ അപേക്ഷ തന്നതിന്റെ അടിസ്ഥാനത്തിൽ 02.06.2020 ന് LSGD അസിസ്റ്റന്റ് എഞ്ചിനീയർ ക്വാറി പ്രവർത്തിക്കുന്ന സ്ഥലം പരിശോധിച്ചു.

സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം പ്രസ്തുത റോഡിന് 7 മീറ്റർ വീതിയുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

4. പ്രാഥമിക അന്വേഷണത്തിൽ പ്രസ്തുത ക്വാറി പ്രവർത്തിക്കുവാൻ മൈനിംഗ് & ജിയോളജി അനുവദിച്ച സ്ഥലത്തിന് ആകാശ ദൂരം ഏകദേശം 200 മീറ്റർ അകലത്തിൽ കാർഷികാവശ്യത്തിനുപയോഗിക്കുന്ന ഒരു കുളം ഉണ്ട്. മൈനിംഗ് & ജിയോളജി അനുവദിച്ച സ്ഥലത്ത് പ്രാഥമിക പരിശോധനയിൽ ക്വാറി പ്രവർത്തിക്കുന്നിടത്ത് മറ്റു ജല സ്രോതസ്സുകൾ കാണാൻ കഴിഞ്ഞില്ല. EIA സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കുന്നത് സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അതോറിറ്റിയിലാണ്. ടി അപേക്ഷയിന്മേൽ അന്വേഷണം തുടർ നടപടികൾ സ്വീകരിക്കുന്നത് എൻവയോൺമെന്റൽ ഇംപാക്ട് അതോറിറ്റിയിലെ ഉദ്യോഗസ്ഥരാണ്. ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ അന്വേഷണം നടത്തേണ്ടതോ റിപ്പോർട്ട് സമർപ്പിക്കേണ്ടതോ ഇല്ല.

5. 03.07.2019 നാണ് ലൈസൻസ് അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭിക്കുന്നത്. തുടർന്ന് 29.07.2019 തിയ്യതിയിലെ ഭരണ സമിതി യോഗത്തിൽ ചർച്ച ചെയ്യുന്നതിനായി അജണ്ട ചേർത്തിരുന്നുവെങ്കിലും ഫയൽ വിശദമായി പഠിക്കുന്നതിനായി അടുത്ത ഭരണ സമിതിയിലേക്ക് മാറ്റി വെക്കുകയുണ്ടായി. 2018, 2019 വർഷങ്ങളിലുണ്ടായ മണ്ണിടിച്ചിലിന്റേയും ദുരന്തങ്ങളുടേയും വെളിച്ചത്തിൽ ക്വാറിക്ക് ലൈസൻസ് അനുവദിക്കുവാൻ സാധ്യമാണോ എന്ന് വ്യക്തമാക്കി തരുന്നതിന് വേണ്ടി സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അതോറിറ്റി, മൈനിംഗ് ആന്റ് ജിയോളജി, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, പൊല്യൂഷൻ കൺട്രോൾ ബോഡ് എന്നീ വകുപ്പുകൾക്ക് കത്തു നൽകിയിരുന്നു. മറുപടി ലഭിക്കാതെ വന്നപ്പോൾ ലൈസൻസ് അപേക്ഷ പരിഗണിക്കുന്നതിന് കാലതാമസം നേരിട്ടു. ലൈസൻസ് ലഭിക്കാതെ വന്നപ്പോൾ അപേക്ഷകൻ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും തുടർന്ന് ബഹു.ഹൈക്കോടതിയുടെ 32494 of 2019(J) നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ ടിയാന് ഡീംഡ് ലൈസൻസ് അനുവദിക്കേണ്ടതായും വന്നു.ബഹു കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡീംഡ് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ അഭിഭാഷകനിൽ നിന്നും ജില്ലാ ഗവൺമെന്റ് പ്ലീഡറിൽ നിന്നും നിയമോപദേശം ലഭിച്ചതിന്റേയും അടിസ്ഥാനത്തിലാണ് ലൈസൻസ് അനുവദിച്ച് നിലനിറുത്തി വരുന്നത്. ബഹു.ഹൈക്കോടതിയുടെ 32494 of 2019(J) നമ്പർ വിധിക്കെതിരെ ഗ്രാമപഞ്ചായത്ത് അപ്പീൽ സമർപ്പിച്ചിരുന്നുവെങ്കിലും (WA.NO1053 of 2020 തീയതി 23.11.2020) ബഹു.ഹൈക്കോടതി മേൽ അപ്പീൽ തള്ളിയിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

ബഹു.ഹൈക്കോടതിയുടെ 32494 of 2019(J) നമ്പർ വിധി പ്രകാരം ലൈസൻസ് നൽകിയത് 15.03.2010 ലെ നം.78327/RC3/09/തസ്വഭവ സർക്കുലർ, ജി.ഒ(എം.എസ്) 2/14 E.N.V.T തീയതി 21.02.2014 പ്രകാരമുള്ള ക്വാറി ലൈസൻസ് അനുവദിക്കുന്നതിനാവശ്യമായ രേഖകളായ മലിനീകരണ നിയന്ത്രണ ബോഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശം തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, നികുതി രസീത്, മൈനിംഗ് ജിയോളജിയിൽ നിന്നുള്ള സാക്ഷ്യപത്രം, സ്റ്റേറ്റ് ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റിയിൽ നിന്നുള്ള ക്ലിയറൻസ്, ഡെപ്യൂട്ടി ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിൽ നിന്നും ലഭിച്ച അനുമതി, പാറപൊട്ടിക്കുന്ന ആളുടെ വൈദഗ്ദ്ധ്യം സംബന്ധിക്കുന്ന സർട്ടിഫിക്കറ്റ്, സ്ഥലത്തിന്റെ സർവ്വേ സ്കെച്ചും ലൊക്കേഷൻ മാപ്പും

പി. സന്തോഷ് കുമാർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്

വിവരാവകാശ നിയമം 2005 പ്രകാരം അനുവദിക്കുന്നത്.

എന്നീ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. ആയതിനാലാണ് ലൈസൻസ് അനുവദിച്ച് നിലനിർത്തിയിരിക്കുന്നത്, 11.12.2020 ന് ക്വാറിയിൽ ഉണ്ടായ അപകടത്തെ തുടർന്ന് ഒരാളുടെ ജീവൻ നഷ്ടപ്പെട്ട സാഹചര്യത്തിൽ ബഹു.ജില്ലാ കളക്ടറുടെ 14.12.2020 ലെ DM1:8909/20 നമ്പർ സ്റ്റോപ്പ് മെമ്മോ പ്രകാരം ക്വാറി പ്രവർത്തനം നിർത്തി വെക്കുകയും പിന്നീട് നടന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ബഹു.ജില്ലാ കളക്ടർ 17.04.2021 തിയ്യതിയിലെ DM1:8909/20 നമ്പർ ഉത്തരവ് പ്രകാരം വീണ്ടും പ്രവർത്തനാനുമതി നൽകുകയും ചെയ്തു. ആയതിനാലാണ് ക്വാറി പ്രവർത്തനം ഇപ്പോൾ നടന്നു വരുന്നത്. പരാതിയിൽ. പരാമർശിക്കുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് ജീവനക്കാർ നിയമവിരുദ്ധമായി യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നും നിയമവിധേയമായ നടപടികൾ മാത്രമേ സ്വീകരിക്കുകയുള്ളൂവെന്നും ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി

മുപ്പൈനാട് ഗ്രാമപഞ്ചായത്ത്

ഉള്ളടക്കം:

1) Proceedings of the Dierector of Mining & Giology No.5765/M3/2019 dtd. 04.06.2020
2) Environmental Clearance, State Environment Impact Authority Kerala Valid upto 16.01.2023
3) Consent to operate PCB Valid upto 16.01.2023
4) Certificate From PESO Valid upto 31.03.2023
5) Licence No.E/SC/KL/22/1640/(E70709) Valid upto 31.03.2023
6) Certificate From Deputy Cheif Controller of Explosives Valid Upto 25.01.2022
7) NOC from Kerala Fire & Rescue Services
8) സ്ഥലത്തിന്റെ രേഖകൾ (കൈവശം, നികുതിചീട്ട്, വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം)
9) അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടുകൾ
10) വിവിധ വകുപ്പുകൾക്ക് നൽകിയ കത്തുകളുടെ പകർപ്പുകൾ
11) ബഹു.ഹൈക്കോടതിയുടെ 32494 of 2019(J) നമ്പർ വിധി പകർപ്പ്
12) 32494 of 2019(J) നമ്പർ വിധിക്ക് എതിരായി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപ്പീൽ(WA.NO1053 of 2020 തീയതി 23.11.2020)തള്ളിയതിന്റെ വിധി പകർപ്പ്.
13) ഡി.ഡി.എം.യുടെ സ്റ്റോപ്പ് മെമ്മോ, പ്രവർത്തനാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ
14) 15.03.2010 ലെ നം.78327/RC3/09/തസ്വഭവ സർക്കുലറിന്റെ പകർപ്പ്
15) ജി.ഒ(എം.എസ്) 2/14 E.N.V.T തീയതി 21.02.2014 നമ്പർ ഉത്തരവിന്റെ പകർപ്പ്
16) ജില്ലാ ഗവ.പ്ലീഡറിൽ നിന്നും പഞ്ചായത്തിന്റെ അഭിഭാഷകനിൽ നിന്നും ലഭിച്ച നിയമോപദേശങ്ങളുടെ പകർപ്പുകൾ.

വിവരാവകാശ നിയമം 2005
പ്രകാരം അനുവദിക്കുന്നത്.

പി. സന്തോഷ് കുമാർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ
ഓഫീസർ & സീനിയർ സൂപ്രണ്ട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, വയനാട്

"ഭരണഭാഷ മാതൃഭാഷ"

694757
3/12

# മുപ്പൈനാട് ഗ്രാമപഞ്ചായത്ത് ഓഫീസ്

**(ISO – 9001-2015 CERTIFIED)**


പി.ഒ വടുവൻചാൽ, പിൻ–673581, വയനാട് PH: 04936217499
E-Mail :- muppainadugp@gmail.com


ജെ.സി.3–1325/21.

തിയ്യതി: 03.12.2021

പ്രേക്ഷിതൻ

സെക്രട്ടറി
മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്
വടുവൻചാൽ(പി.ഒ)

A7

സ്വീകർത്താവ്

ബഹു:പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
വയനാട്

3/12/21

സർ,

വിഷയം:പഞ്ചായത്ത് വകുപ്പ്– മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്നിൽ എം.പി.കുര്യാക്കോസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കരിങ്കൽ ക്വാറി പരാതി – സംബന്ധിച്ച്.

സൂചന: 1) അങ്ങയുടെ ഓഫീസിലെ 27.10.2021 തിയ്യതിയിലെ എ7–236/2021 നമ്പർ കത്ത്.
2) ഈ ഓഫീസിൽ നിന്നുമുള്ള 02.11.2021 തിയ്യതിയിലെ ഇതേ നമ്പർ മറുപടി കത്ത്.

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1) കത്ത് പ്രകാരം ആവശ്യപ്പെട്ട ക്വാറി ലൈസൻസ് സംബന്ധിച്ച പരാതിയുടെ മറുപടി സൂചന 2) പ്രകാരം സമർപ്പിക്കുകയും 02.12.2021 തിയ്യതിയിൽ അങ്ങയുടെ ഓഫീസിൽ വെച്ച് നടന്ന ക്വാറി സംബന്ധിച്ച ഹിയറിംഗിൽ ഹാജരാവുകയും ചെയ്തിരുന്നു. കടച്ചിക്കുന്ന് ക്വാറി സംബന്ധിച്ച കാര്യത്തിൽ സൂചന 2) കത്ത് പ്രകാരം ബോധിപ്പിച്ച വിവരങ്ങളല്ലാതെ മേൽ വിഷയത്തിൽ മറ്റൊന്നും ബോധിപ്പിക്കാനില്ലെന്ന വിവരം അങ്ങയുടെ അറിവിലേക്കും തുടർ നടപടികൾക്കുമായി സമർപ്പിക്കുന്നു.

വിവരാവകാശ നിയമം 2005
പ്രകാരം അനുവദിക്കുന്നത്

വിശ്വസ്തതയോടെ,

പി. സന്തോഷ് കുമാർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, വയനാട്

SECRETARY
Muppainad Grama Panchayat

I

2.12.2021 വ്യാഴാഴ്ച ഉച്ചക്ക് 2മണിക്ക് ജില്ലാ കളക്ടർ വയനാട്ടിൽ കോട്ടത്തറ പഞ്ചായത്ത്, കടച്ചിക്കുന്ന് ക്വാറിയുമായി ബന്ധപ്പെട്ടു വിളിച്ച ഹിയറിംഗിൽ പങ്കെടുത്ത് നൽകിയ മൊഴി.

(1) വയനാട് ജില്ലാ കളക്ടറുടെ ഫയൽ നമ്പർ D.C.WYD/9464/2019 ആയി 21.08.2019ന് ഇറക്കിയ ഉത്തരവിൽ Para 16(i) പ്രകാരം മണ്ണിടിച്ചിൽ മേഖലയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മേഖലയിൽ ക്വാറി പ്രവർത്തനം നിരോധിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ Para 4 പ്രകാരം Landslide Prone Area എന്ന ഉത്തരവിന്റെ Para 6ൽ പ്രതിപാദിച്ച Zonation Map പ്രകാരം പ്രതിപാദിച്ച സ്ഥലങ്ങളിൽ കടച്ചിക്കുന്ന് ക്വാറി പ്രവർത്തിക്കുന്നത്. മുപ്പൈനാട് വില്ലേജിലെ ഈ ക്വാറി നിൽക്കുന്ന ഭാഗം ഉൾപ്പെടെയുള്ള വളരെ ദുർബലമായ സ്ഥലങ്ങളും Zonation map ൽ Landslide Area ആയി മാർക്ക് ചെയ്തിട്ടുള്ളതാണ്. ആയതിനാൽ കളക്ടറുടെ മേൽ ഉത്തരവ് കൃത്യമായി പാലിക്കേണ്ടതാണ്.

(2) കടച്ചിക്കുന്ന് ക്വാറി പ്രവർത്തിക്കുന്ന ഭൂമി തോട്ട ഭൂമിയാണ്. ഈ ഭൂമിയിൽ ക്വാറിയിംഗ് അനുവദിക്കാൻ പാടുള്ളതല്ല. ഈ ഭൂമിയുടെ രേഖ കൃത്യമായി പരിശോധിക്കണം. പഞ്ചായത്തിൽ ഇതു കൃത്യമായി പരിശോധിച്ചിട്ടില്ല.

(3) ക്വാറിയിൽ മേൽനോട്ടമുള്ള ബ്ലാസ്റ്റ് ഉദ്യോഗസ്ഥരുടെ ഇത്ര കാലയളവിലുള്ള സാധുതയില്ലാത്തതാണെന്ന് ക്വാറി ലൈസൻസ് അപേക്ഷ സമർപ്പിച്ചപ്പോൾ

(2)

ഇതെല്ലാം റോഡിന്റെ സ്കെച്ച് പരിശോധിച്ചാൽ ബോധ്യപ്പെടും

(4) ക്വാറിയുടെ 100 മീറ്റർ അകലത്തിൽ റിസർവ്വ് ഫോറസ്റ്റാണ്.

(5) ക്വാറിയുടെ അടുത്ത് ജല സ്രോതസ്സുകൾ ഇല്ലെന്ന് ഉന്നയിച്ച EIA അതോറിറ്റിക്ക് നൽകിയ സത്യവാങ്മൂലം തെറ്റാണ്. ഈ പ്രദേശത്താണ് ചാലിപ്പുഴ ഉത്ഭവിക്കുന്നത്. കടവിക്കുന്ന് തോട് ക്വാറി പ്രവർത്തിക്കുന്ന ഭൂമിയിലൂടെയാണ് ഒഴുകുന്നത്.

(6) 2018ലും, 2019ലും, വൻ ഉരുൾപൊട്ടലും മണ്ണിടിച്ചിലും, ജീവനാശവുമുണ്ടായ കവളപ്പാറ, പുത്തുമല, ഇവയൊക്കെ മലനിരകളുടെ തൊട്ടടുത്താണ് ക്വാറി പ്രവർത്തിക്കുന്നത്.

7. ക്വാറിയുടെ തൊട്ടു താഴ്ഭാഗത്ത് താമസിക്കുന്നവരെ കഴിഞ്ഞകാലങ്ങളിൽ മണ്ണിടിച്ചിൽ ഭീഷണിയുള്ള പ്രദേശമെന്ന നിലയിൽ മാറ്റിതാമസിപ്പിച്ചിട്ടുണ്ട്. 2019ൽ 12 കുടുംബങ്ങളെ മാറ്റിതാമസിപ്പി ~~ച്ചിട്ടുണ്ട്~~, ച്ചിട്ടുണ്ട്. പഞ്ചായത്ത് നിർമ്മിച്ച റോഡും, വൈദ്യുതി കാലുകളും ഉരുൾപൊട്ടലിൽ ഒഴുകിപ്പോയിട്ടുണ്ട്.

(8). ക്വാറിയിലേക്കുള്ള റോഡിന് നിയമം അനുശാസിക്കുന്ന വീതിയില്ല. റോഡിന് 7 മീറ്റർ വീതിയില്ലെന്ന്, വാർഡ് മെമ്പർ, സെക്രട്ടറി എന്നിവരുടെ സാന്നിധ്യത്തിൽ LSGD അസി: എഞ്ചിനിയർ പരിശോധന നടത്തി പഞ്ചായത്തിന് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. പിന്നീട് ഇതേ എഞ്ചിനിയർ സ്വന്തമായി അനുകൂല സർട്ടിഫിക്കറ്റ് നൽകിയത് അന്വേഷിക്കണം,

(7) സെക്രട്ടറി തസ്തികയിൽ പല വ്യക്തികളും സ്വന്തം സർട്ടി
ഫിക്കറ്റുകളും, സീലും നിർമ്മിച്ച് പെർമിറ്റ് നേടിയ
സന്ദർഭങ്ങൾ പുറത്ത് വന്നിട്ടുള്ളതാണ്. മടപ്പിക്കു
ന്ന വ്യക്തികളെ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള രേഖകൾ സ്വന്ത
മാണോ എന്ന് വിദഗ്ദ്ധ പരിശോധനക്ക്
വിധേയമാക്കണം.

(8). മേൽ വ്യക്തിയുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള
അനുമതികളും, ഉദ്യോഗസ്ഥ നടപടികളും
വിജിലൻസ് അന്വേഷണത്തിന് വിടണം.

എന്ന്.

തോമസ് കാമ്പലയൻ.

2/12/2021

വിവരാവകാശ നിയമം 2005
പ്രകാരം അനുവദിക്കുന്നത്.

പി. സന്തോഷ് കുമാർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ
ഓഫീസർ & സീനിയർ സൂപ്രണ്ട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം. വയനാട്

File No. ADP-WYD/236/2021-A7

"ഭരണഭാഷ - മാതൃഭാഷ "

No. ADP-WYD/236/2021-A7

വയനാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, നോർത്ത് കൽപ്പറ്റ പിഒ -673122
Email.ddpwayanad@gmail.com
ഫോൺ 04936-202634,202663, തീയതി : 03-12-2021

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
വയനാട്.

ബഹു അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം :- പഞ്ചായത്ത് വകുപ്പ് - വയനാട് മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്നിൽ എം.പി കുര്യാക്കോസ് എന്നയാളുടെ ഉടമസ്ഥതയിലെ കരിങ്കൽ ക്വാറിയ്ക്ക് ലൈസൻസ് അനുവദിച്ചത് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- അങ്ങയുടെ 8.10.2021 ലെ എ.സി 4- 92/2021/തസ്വഭവ നമ്പർ കത്ത്.

മേൽ സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ജില്ലയിലെ മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് കടച്ചിക്കുന്ന് എന്ന സ്ഥലത്ത് ശ്രീ എം.പി കുര്യാക്കോസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കരിങ്കൽ ക്വാറിയ്ക്ക് നിയമവിരുദ്ധമായി ലൈസൻസ് അനുവദിച്ചത് സൂചന 1 പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു. സെക്രട്ടറി വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ പരാതിയിൽ പരാമർശിക്കുന്ന ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള കാര്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർത്ത് സമർപ്പിക്കുന്നു.

1. ക്വാറി സ്ഥിതി ചെയ്യുന്ന ഭൂമിയുടെ നിയമാനുസൃത രേഖകൾ ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയിട്ടുണ്ട്. ശ്രീ എം.പി കുര്യാക്കോസും, സ്ഥലം ഉടമയായ ശ്രീ എം.[illegible] തമ്മിലുള്ള സമ്മതപത്രം കൈവശാവകാശ സർട്ടിഫിക്കറ്റ്, ഭൂ നികുതി ചീട്ട് (2019-20) , കെ.എൽ.സി ആക്ട് , റിസർവ്വ് വനം , കെ.എൻ.യു, കെ.എൽ.ആർ , നെൽവയൽ തണ്ണീർത്തട നിയമം എന്നിവയുടെ പരിധിയിൽ ഉൾപ്പെടുന്നതല്ല എന്നത് സംബന്ധിച്ച് മൂപ്പൈനാട് വില്ലേജ് ഓഫീസറിൽ നിന്നുമുള്ള സാക്ഷ്യപത്രം. എന്നിവ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്.

2. ലൈസൻസ് അനുവദിക്കുന്നതിന് വേണ്ടി ഹാജരാക്കിയ രേഖകളായ കൈവശാവകാശ സർട്ടിഫിക്കറ്റ്, ഭൂനികുതി ചീട്ട്, വില്ലേജ് ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം എന്നീ രേഖകൾ പ്രകാരം ഭൂമിയുടെ തരം പുരയിടം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3. ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്ന സമയം പ്രസ്തുത ക്വാറിയിലേക്കുള്ള 7 മീറ്റർ വീതിയിലുള്ള റോഡ് നിലവിലില്ലായിരുന്നു. 20.08.2019, 25.02.2020 എന്നീ തീയതികളിൽ മൂപ്പൈനാട് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ സ്ഥലപരിശോധനയിൽ

റോഡിന് 7 മീറ്റർ വീതിയില്ല എന്ന റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ 19.3.2020 ന് പ്രസ്തുത ക്വാറിയിലേക്ക് 7 മീറ്റർ വീതിയുള്ള റോഡുണ്ടെന്ന് കാണിച്ച് ക്വാറി ഉടമ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2.6.2020 ന് LSGD അസിസ്റ്റന്റ് എഞ്ചിനീയർ ക്വാറി പ്രവർത്തിക്കുന്ന സ്ഥലം പരിശോധിക്കുകയും സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം പ്രസ്തുത റോഡിന് 7 മീറ്റർ വീതിയുള്ളതായി റിപ്പോർട്ട് ചെയ്യുകയും ചെയ്യുകയും ചെയ്തു.

4. പ്രസ്തുത ക്വാറി പ്രവൃത്തിക്കുവാൻ മൈനിംഗ് & ജിയോളജി അനുവദിച്ച സ്ഥലത്തിന് ആകാശദൂരം 200 മീറ്റർ അകലത്തിൽ കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന ഒരു കുളം ഉള്ളതായി പ്രാഥമിക അന്വേഷണത്തിൽ ബോധ്യമായിട്ടുണ്ട്. ക്വാറി പ്രവൃത്തിക്കുന്നിടത്ത് മറ്റു ജലസ്രോതസ്സുകൾ കാണാൻ കഴിഞ്ഞിട്ടില്ല. EIA സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കുന്നത് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അതോറിറ്റിയിൽ ആണ് . ടി അപേക്ഷയിന്മേൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നത് എൻവയോൺമെന്റ് ഇംപാക്ട് അതോറിറ്റിയിലെ ഉദ്യോഗസ്ഥരാണ്.

5. 3.7.2019 നാണ് ലൈസൻസ് അനുവദിക്കുന്നതിനുള്ള അപേക്ഷ പഞ്ചായത്തിൽ ലഭിക്കുന്നത്. 29.7.2019 തീയതിയിലെ ഭരണസമിതി യോഗത്തിൽ വിഷയം ചർച്ച ചെയ്യുന്നതിനായി അജണ്ട ചേർത്തിരുന്നുവെങ്കിലും ഫയൽ വിശദമായി പഠിക്കുന്നതിനായി അടുത്ത ഭരണസമിതിയിലേക്ക് മാറ്റി വെയ്ക്കുകയുണ്ടായി.

2018-19 വർഷങ്ങളിലുണ്ടായ മണ്ണിടിച്ചിലിന്റെയും, ദുരന്തങ്ങളുടെയും വെളിച്ചത്തിൽ ക്വാറിയ്ക്ക് ലൈസൻസ് അനുവദിക്കാൻ സാധ്യമാണോ എന്ന് വ്യക്തമാക്കി തരുന്നതിന് വേണ്ടി ചെയർമാൻ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അതോറിറ്റി, മൈനിംഗ് & ജിയോളജി , ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ വകുപ്പുകൾക്ക് കത്ത് നൽകിയിരുന്നുവെങ്കിലും മറുപടി ലഭിക്കാതെ വന്നതുകൊണ്ട് ലൈസൻസ് അപേക്ഷ പരിഗണിക്കുന്നതിന് കാലതാമസം നേരിട്ടുവെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ലൈസൻസ് ലഭിക്കാതെ വന്നപ്പോൾ അപേക്ഷകൻ ബഹു ഹൈക്കോടതിയെ സമീപിക്കുകയും തുടർന്ന് ബഹു ഹൈക്കോടതിയുടെ 32494 of 2019(J) നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ ടിയാന് ഡീംഡ് ലൈസൻസ് അനുവദിക്കേണ്ടതായും വന്നു. ബഹു കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡീംഡ് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ അഭിഭാഷകനിൽ നിന്നും ജില്ലാ ഗവ. പ്ലീഡറിൽ നിന്നും നിയമോപദേശം ലഭിച്ചതിന്റെയും അടിസ്ഥാനത്തിലാണ് ലൈസൻസ് അനുവദിച്ചത്. ബഹു ഹൈക്കോടതിയുടെ 32494 of 2019(J) നമ്പർ വിധിക്കെതിരെ ഗ്രാമപഞ്ചായത്ത് അപ്പീൽ സമർപ്പിച്ചിരുന്നുവെങ്കിലും (WA.NO1053 of 2020 തീയതി 23.11.2020) ബഹു.ഹൈക്കോടതി മേൽ അപ്പീൽ തള്ളിയിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

ബഹു ഹൈക്കോടതിയുടെ 32494 of 2019 (J) നമ്പർ വിധി പ്രകാരം ലൈസൻസ് നൽകിയത് 15.03.2010 ലെ നം.78327/RC/09/തസ്വഭവ സർക്കുലർ, ജി.ഒ(എം.എസ്) 2/14 E.N.V.1 തീയതി 21.02.2014 പ്രകാരമുള്ള ക്വാറി ലൈസൻസ് അനുവദിക്കുന്നതിനാവശ്യമായ

രേഖകളായ മലിനീകരണ നിയന്ത്രണ ബോഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശം തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, നികുതി രസീത്, മൈനിംഗ് ജിയോളജിയിൽ നിന്നുള്ള സാക്ഷ്യപത്രം, സ്റ്റേറ്റ് ഇംപാക്ട് അസ്സസ് മെന്റ് അതോറിറ്റിയിൽ നിന്നുള്ള ക്ലിയറൻസ് , ഡെപ്യൂട്ടി ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിൽ നിന്നും ലഭിച്ച അനുമതി, പാറപൊട്ടിക്കുന്ന ആളുടെ വൈദഗ്ധ്യം സംബന്ധിക്കുന്ന സർട്ടിഫിക്കറ്റ്, സ്ഥലത്തിന്റെ സർവ്വേ സ്കെച്ചും ലൊക്കേഷൻ മാപ്പും എന്നീ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. ആയതിനാലാണ് ലൈസൻസ് അനുവദിച്ച് നിലനിർത്തിയിരിക്കുന്നത്. 11.12.2020 ന് ക്വാറിയിൽ ഉണ്ടായ അപകടത്തെ തുടർന്ന് ഒരാളുടെ ജീവൻ നഷ്ടപ്പെട്ട സാഹചര്യത്തിൽ ബഹു. ജില്ലാ കളക്ടറുടെ 14.12.2020 ലെ DM1:8909/20 നമ്പർ സ്റ്റോപ്പ് മെമ്മോ പ്രകാരം ക്വാറി പ്രവർത്തനം നിർത്തി വെക്കുകയും പിന്നീട് നടന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ബഹു ജില്ലാ കളക്ടർ 17.04.2021 തീയതിയിലെ DM1:8909/20 നമ്പർ ഉത്തരവ് പ്രകാരം വീണ്ടും പ്രവർത്താനാനുമതി നൽകുകയും ചെയ്തു.

02-12-2021 തിയതിയിൽ പരാതിക്കാരനെ നേരിട്ട് കേട്ട് മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭൂമി സംബന്ധമായി ഹാജരാക്കിയ രേഖകളിൽ അപാകതയുണ്ടെന്നും , ക്വാറി നിലനിൽക്കുന്ന പ്രദേശം ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും സാധ്യതയുണ്ടെന്നുമാണ് പരാതിക്കാരൻ മൊഴിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ക്വാറി പ്രവർത്തനത്തിന് ഹാജരാക്കേണ്ടതായ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. ഭൂമി സംബന്ധമായ രേഖകളിൽ അപാകതയുണ്ടോയെന്നറിയാൻ ആയത് പരിശോധന നടത്തേണ്ടത് ഈ വിഷയവുമായി ബന്ധപ്പെട്ട വകുപ്പാണ്. ക്വാറിയ്ക്ക് ലൈസൻസ് അനുവദിക്കുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ചെയർമാൻ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അതോറിറ്റി, ഡയറക്ടർ മൈനിംഗ് & ജിയോളജി ,ചെയർമാൻ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി വയനാട് , പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ വകുപ്പുകൾക്ക് കത്ത് നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ക്വാറിപ്രവർത്തനത്തിന് ഹാജരാക്കേണ്ടതായ രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ക്വാറി പ്രവർത്തനം നടത്തുന്നുവെന്ന വിവരം ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
വയനാട്

b/

ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് ... വയനാട് ജില്ല
കൽപ്പറ്റ
തീയതി ....

വിവരാവകാശ നിയമം പ്രകാരം അനുവദിക്കുന്നത്
പി. സന്തോഷ് കുമാർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ
ഓഫീസർ & സീനിയർ സൂപ്രണ്ട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, വയനാട്

File No. ADP-WYD/236/2021-A7

"ഭരണഭാഷ - മാതൃഭാഷ "

No. ADP-WYD/236/2021-A7

വയനാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, നോർത്ത് കൽപ്പറ്റ പിഒ -673122
Email.adpwayanad@gmail.com
ഫോൺ 04936-202634,202663, തീയതി : 03-12-2021

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
വയനാട്.

സെക്രട്ടറി
മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :- പഞ്ചായത്ത് വകുപ്പ് - വയനാട് മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്നിൽ എം.പി കുര്യാക്കോസ് എന്നയാളുടെ ഉടമസ്ഥതയിലെ കരിങ്കൽ ക്വാറിയ്ക്ക് അനുവദിച്ച ലൈസൻസ് അന്വേഷണ റിപ്പോർട്ട് - സംബന്ധിച്ച്.

സൂചന :- 1. താങ്കളുടെ 02/12/2021 ലെ ജെ.സി.3-1325/21 നമ്പർ റിപ്പോർട്ട്.
2. 02/12/2021 ന് ഈ ഓഫീസിൽ നടന്ന ഹിയറിങ്.

മേൽ സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ജില്ലയിലെ മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് കടച്ചിക്കുന്ന് എന്ന സ്ഥലത്ത് ശ്രീ എം.പി കുര്യാക്കോസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കരിങ്കൽ ക്വാറിയ്ക്ക് നിയമവിരുദ്ധമായി ലൈസൻസ് അനുവദിച്ചുവെന്ന പരാതിയിൽ താങ്കൾ സൂചന 1. പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

ക്വാറിയ്ക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ ഹാജരാക്കിയ രേഖകൾ പരിശോധിച്ച് ക്വാറി പ്രവർത്തനം നടത്തുന്ന സ്ഥലത്തിന്റെ ആധാരം ഉണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നറിയിക്കുന്നു. ക്വാറി പ്രവർത്തനം നടക്കുന്നത് എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടാണോയെന്നുറപ്പ് വരുത്തേണ്ടതാണെന്നും അറിയിക്കുന്നു.

വിവരാവകാശ നിയമം 2005
പ്രകാരം അനുവദിക്കുന്നത്.

വിശ്വസ്തതയോടെ,

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
വയനാട്

പി. സന്തോഷ് കുമാർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ
ഓഫീസർ & സീനിയർ സൂപ്രണ്ട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, വയനാട്

b/

File No. ADP-WYD/236/2021-A7

"ഭരണഭാഷ - മാതൃഭാഷ "

No. ADP-WYD/236/2021-A7

വയനാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, നോർത്ത് കൽപ്പറ്റ പി.ഒ -673122
Email.adpwayanad@gmail.com
ഫോൺ 04936-202634,202663, തീയതി : 11-01-2022

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
വയനാട്.

സെക്രട്ടറി
മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :- പഞ്ചായത്ത് വകുപ്പ് - വയനാട് മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്നിൽ എം.പി കുര്യാക്കോസ് എന്നയാളുടെ ഉടമസ്ഥതയിലെ കരിങ്കൽ ക്വാറിയ്ക്ക് അനുവദിച്ച ലൈസൻസ് അന്വേഷണ റിപ്പോർട്ട് - സംബന്ധിച്ച്.

സൂചന :-
1. താങ്കളുടെ 03/12/2021 ലെ ജെ.സി.3-1325/21 നമ്പർ റിപ്പോർട്ട്.
2. 02/12/2021 ന് ഈ ഓഫീസിൽ നടന്ന ഹിയറിങ്.
3. ശ്രീ. തോമസ് അമ്പലവയൽ എന്നവരുടെ 10-01-2022 ലെ പരാതി.

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. താങ്കളുടെ ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്ന് എന്ന സ്ഥലത്ത് ശ്രീ എം.പി കുര്യാക്കോസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കരിങ്കൽ ക്വാറിയ്ക്ക് നിയമവിരുദ്ധമായി ലൈസൻസ് അനുവദിച്ചുവെന്ന പരാതിയിൽ സൂചന 2. പ്രകാരം ഹിയറിംങ് ഈ ഓഫീസിൽ വച്ച് നടത്തിയിരുന്നു.

ക്വാറിയ്ക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ ഹാജരാക്കിയ രേഖകളിൽസ്ഥലത്തിന്റെആധാരമുണ്ടോയെന്ന്പരിശോധിച്ച്ആയത് ഉറപ്പുവരുത്തണമെന്ന നിർദ്ദേശവും താങ്കൾക്ക് നൽകിയിരുന്നു. നിലവിൽ ഈ വിഷയത്തിൽ സൂചന 3. പരാതി ഈ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. പരാതിക്കാരൻ വിവരാവകാശ പ്രകാരം ആവശ്യപ്പെട്ട ക്വാറി പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ ആധാരം ,അടിയാധാരം എന്നീ രേഖകൾ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ലെന്നാണ് പരാതിപ്പെട്ടിരിക്കുന്നത്. പരാതി പരിശോധിച്ച് പരാതിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അഞ്ച് ദിവസത്തിനകം ലഭ്യമാക്കി വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നറിയിക്കുന്നു. മതിയായ മാനദണ്ഡങ്ങൾക്കനുസൃതമായാണോ ക്വാറി പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തണമെന്നും അറിയിക്കുന്നു.

വിവരാവകാശനിയമം - 2005 പ്രകാരം അനുവദിക്കുന്നത്

വിശ്വസ്തതയോടെ,

പി. സന്തോഷ് കുമാർ
സ്റ്റേറ്റ് പബ്ലിക്ക ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, വയനാട്

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
വയനാട്

"ഭരണഭാഷ മാതൃഭാഷ"

# മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് ഓഫീസ്

**(ISO – 9001-2015 CERTIFIED)**

പി.ഒ വടുവൻചാൽ, പിൻ-673581, വയനാട് PH: 04936217499

E-Mail :- muppainadugp@gmail.com

12

നമ്പർ:ജെസി3-483/2022 തിയ്യതി:17.01.2022

73598/22

പ്രേക്ഷിതൻ

സെക്രട്ടറി
മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്,
വടുവൻചാൽ(പി.ഒ)

സ്വീകർത്താവ്

ബഹു.പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
വയനാട്, കൽപ്പറ്റ

സർ,

വിഷയം:മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് – ക്വാറി ലൈസൻസ് – സംബന്ധിച്ച്.

സൂചന: 1) അങ്ങയുടെ ഓഫീസിലെ 11.01.2022 തിയ്യതിയിലെ ADP- WYD/ 236/ 2021 -A7 നമ്പർ കത്ത്.

2) ഈ ഓഫീസിൽ നിന്നുള്ള 20.12.2021, 14.01.2022 തിയ്യതികളിലെ ജെസി3-1325/2021 നമ്പർ കത്തുകൾ.

3) 05.01.2022 തിയ്യതിയിലെ ശ്രീ.എം.പി കുര്യാക്കോസ് എന്നവരുടെ മറുപടി

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്ന് പ്രദേശത്ത് ക്വാറി പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ ഒറിജിനൽ രേഖ (ആധാരം, അടിയാധാരം) യും ആയതിന്റെ പകർപ്പും ഹാജരാക്കുന്നതിനായി ക്വാറി ഉടമസ്ഥന് സൂചന 2) പ്രകാരം കത്ത് നൽകിയിട്ടുണ്ട്. ആയത് ടിയാൻ ഹാജരാക്കുന്ന മുറയ്ക്ക് അപേക്ഷകന് നൽകുന്നതാണെന്നും മേൽ വിവരം അങ്ങയുടെ ഓഫീസിൽ റിപ്പോർട്ട് ചെയ്യുന്നതാണെന്നുമുള്ള. വിവരം അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു. മേൽ വിവരം സംബന്ധിച്ച് ശ്രീ.തോമസ് അമ്പലവയൽ എന്നവർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന വിവരം സമർപ്പിക്കുന്നു.

22/1

OFFICE OF THE MUPPAINAD GRAMA PANCHAYATH VADUVANCHAL PIN-673581

വിശ്വസ്തതയോടെ,

SECRETARY
MUPPAINAD GRAMA PANCHAYATH

ഉള്ളടക്കം:

1) അപേക്ഷകന് നൽകിയ മറുപടിയുടെ പകർപ്പ്
2) ക്വാറി ഉടമസ്ഥൻ സമർപ്പിച്ച മറുപടിയുടെ പകർപ്പുകൾ

വിവരാവകാശ നിയമം 2005
പ്രകാരം അനുവദിക്കുന്നത്.

പി. സന്തോഷ് കുമാർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ
ഓഫീസർ & സീനിയർ സൂപ്രണ്ട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം. വയനാട്

"ഭരണഭാഷ മാതൃഭാഷ"

# മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് ഓഫീസ്

## (ISO – 9001-2015 CERTIFIED)

പി.ഒ വടുവൻചാൽ, പിൻ–673581, വയനാട് PH: 04936217499
E-Mail :- muppainadugp@gmail.com

നമ്പർ:ജെസി3–483/2022 തിയ്യതി:17.01.2022

പ്രേക്ഷിതൻ

സെക്രട്ടറി
മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്,
വടുവൻചാൽ(പി.ഒ)

സ്വീകർത്താവ്

ശ്രീ.തോമസ് അമ്പലവയൽ
സെക്രട്ടറി
പ്രകൃതി സംരക്ഷണ സമിതി,
മീനങ്ങാടി, പുറക്കാടി പി.ഒ

സർ,

വിഷയം:മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് – ക്വാറി ലൈസൻസ് – സംബന്ധിച്ച്.

സൂചന: 1) ബഹു.പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, വയനാട് എന്നവരുടെ 11.01.2022 തിയ്യതിയിലെ ADP-WYD/236/2021-A7 നമ്പർ കത്ത്.
2) ഈ ഓഫീസിൽ നിന്നുള്ള 20.12.2021, 14.01.2022 തിയ്യതികളിലെ ജെസി3–1325/2021 നമ്പർ കത്തുകൾ.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1,2 പ്രകാരം മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്ന് പ്രദേശത്ത് ക്വാറി പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ ഒറിജിനൽ രേഖ (ആധാരം, അടിയാധാരം) യും ആയതിന്റെ പകർപ്പും ഹാജരാക്കുന്നതിനായി ക്വാറി ഉടമസ്ഥന് കത്ത് നൽകിയിരുന്നു. ആയതിന് ക്വാറി ഉടമസ്ഥൻ ശ്രീ.കുര്യാക്കോസ്, മുട്ടത്ത് വീട്, ചെറ്റപ്പാലം പി.ഒ, പുൽപ്പള്ളി എന്നവർ സമർപ്പിച്ച മറുപടി ഇതോന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഉള്ളടക്കം:
ക്വാറി ഉടമസ്ഥൻ സമർപ്പിച്ച കത്തിന്റെ പകർപ്പ്

SECRETARY
MUPPAINAD GRAMA PANCHAYATH

വിവരാവകാശ നിയമം 2005 പ്രകാരം അനുവദിക്കുന്നത്

OFFICE OF THE MUPPAINAD GRAMA PANCHAYATH VADUVANCHAL PIN-673581

പി. സന്തോഷ് കുമാർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ
ഓഫീസർ & സീനിയർ സൂപ്രണ്ട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, വയനാട്

JC4-178/22
05/01/22

PWAV01

പ്രേക്ഷിതൻ

എംപികുര്യാക്കോസ്,

മുട്ടത്ത്-വീട്

ചെറ്റപ്പാലം - പോസ്റ്റ്

പുൽപള്ളി

സ്വീകർത്താവ്

സെക്രട്ടറി,

മൂപ്പൈനാട്ഗ്രാമപഞ്ചായത്ത്

വടുവഞ്ചാൽ

സർ,

വിഷയം: ബഹുമാനപ്പെട്ട മൂപ്പൈനാട് ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ ജെസി -1325 /2021 നമ്പർകത്തിന്റെമറുപടിസംബന്ധിച്ച്.

എന്റെ പേരിലുള്ള ലൈസൻസിൽ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൽ കടച്ചിക്കുന്നിൽ പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറിയുടെ പഞ്ചായത്തു ലൈസൻസ് പുതുക്കാനാവശ്യമായ എല്ലാ രേഖകളും അങ്ങയുടെ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ മേല്പറഞ്ഞ കത്തുപ്രകാരം ക്വാറി പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ ആധാരത്തിന്റെ ഒറിജിനൽ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.എന്നാൽ പ്രസ്തുത ക്വാറി പ്രവർത്തിക്കുന്നത് പാട്ടത്തിനെടുത്ത ഭൂമിയിലാണ് .ആയതിനാൽ സ്ഥലത്തിന്റെ ആധാരം സ്ഥലം ഉടമസ്ഥന്റെ കൈവശമാണ് ഉള്ളത്. ആദ്ദേഹം കോഴിക്കോട് ജില്ലയിൽ സ്ഥിരതാമസക്കാരനും ഇപ്പോൾ ശാരീരികമായി സുഖമില്ലാതെ ആശുപത്രിയിലുമാണ് ഉള്ളത്. ആയതിനാൽ സ്ഥലത്തിന്റെ ആധാരം സ്ഥലം ഉടമസ്ഥനിൽനിന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കിക്കൊള്ളാമെന്നും, ക്വാറിയുടെ ലൈസൻസ് സമയബന്ധിതമായി അഞ്ച് വർഷക്കാലത്തേക്ക് പുതുക്കി നല്കണമെന്നും അപേക്ഷിക്കുന്നു.

എന്ന്,

KURIAKOSE

എംപികുര്യാക്കോസ്

മൂപ്പൈനാട്

04.01.2022

വിവരാവകാശ നിയമം 2005 പ്രകാരം അനുവദിക്കുന്നത്

പി. സന്തോഷ് കുമാർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ
ഓഫീസർ & സീനിയർ സൂപ്രണ്ട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, വയനാട്

പ്രേക്ഷിതൻ

എം.പി കുര്യാക്കോസ്,
പുട്ടത്ത് - വീട്
ചെറ്റപ്പാലം - പോസ്റ്റ്
പുൽപള്ളി

സ്വീകർത്താവ്
സെക്രട്ടറി,
മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്
വടുവഞ്ചാൽ

സർ,

വിഷയം: ബഹുമാനപ്പെട്ട മൂപ്പൈനാട് ഗ്രാമപ്പഞ്ചായത്തു സെക്രട്ടറിയുടെ
ജെ.സി/1-1325/2021 നമ്പർ കത്തിന്റെ മറുപടി സംബന്ധിച്ച്.

എന്റെ ഉടമസ്ഥതയിൽ മൂപ്പൈനാട് ഗ്രാമപസഞ്ചയത്തിൽ കടച്ചിക്കുന്നിൽ കരിങ്കൽ ക്വാറി പ്രവർത്തിക്കുന്നത് പാട്ടത്തിനെടുത്ത ഭൂമിയിലാണ്. പ്രസ്തുത സ്ഥലത്തിന്റെ റവന്യൂ രേഖകൾ എനിക്ക് ലൈസൻസ് അനുവദിച്ച ഘട്ടത്തിൽ ബഹുമാനപ്പെട്ട മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ചിട്ടുള്ളതുമാണ്. കൂടാതെ എനിക്ക് WA.No.1053 OF 2020 നമ്പർ കോടതി ഉത്തരവ് പ്രകാരമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

പ്രസ്തുത സ്ഥലത്തിന്റെ ആധാരം സ്ഥലം ഉടമസ്ഥന്റെ കൈവശമാണുള്ളത്. അദ്ദേഹം കോഴിക്കോട് ജില്ലയിൽ സ്ഥിരതാമസക്കാരനും ഇപ്പോൾ കടുത്ത പ്രമേഹരോഗം മൂലം കാൽപ്പാദം മുറിച്ചുമാറ്റിയതിനാൽ ആശുപത്രിവാസത്തിലുമാണുള്ളത്.

കരിങ്കൽ ക്വാറിയുടെ പഞ്ചായത്ത് ലൈസൻസ് പുതുക്കാനാവശ്യമായ നിയമപരമായ എല്ലാ രേഖകളും അങ്ങയുടെ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്.

ആയതിനാൽ സ്ഥലത്തിന്റെ രേഖകൾ സ്ഥലം ഉടമസ്ഥനിൽ നിന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കിക്കൊള്ളാമെന്നും കരിങ്കൽ ക്വാറിയുടെ ലൈസൻസ് പുതുക്കി നൽകണമെന്നും അപേക്ഷിക്കുന്നു.

എന്ന്,

വിവരാവകാശ നിയമം 2005
പ്രകാരം അനുവദിക്കുന്നത്.

മൂപ്പൈനാട്
15.01.2022

എം.പി കുര്യാക്കോസ്

പി. സന്തോഷ് കുമാർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ
ഓഫീസർ & സീനിയർ സൂപ്രണ്ട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, വയനാട്